II. അടിയന്തിര പ്രമേയം

ആര്യനാട് കുന്നുംപുറത്ത് ലക്ഷംവീട് കോളനിയിലെ കെ. സത്യന്റെ മരണം

മി. സ്പീക്കർ: തിരുവനന്തപുരം ജില്ലയിലെ ആര്യനാട് കുന്നിൻ പുറത്ത് ലക്ഷം വീട് കോളനിയിൽ കെ. സത്യൻ എന്ന യുവാവ് കഴിഞ്ഞ വ്യാഴാഴ്ച ലോക്കപ്പ് മർദ്ദനത്തെത്തുടർന്ന് പോലീസ് സെല്ലിൽവച്ച് മരിച്ചതുമൂലം ആ പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ പിരപ്പൻകോട് മുരളി, കെ. പി. രാജേന്ദ്രൻ, സി. കെ. നാണു, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, ശ്രീ. പി. സി. ജോർജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. [9-30 A.M.]

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഇതു സംബന്ധിച്ച് ഇന്ന് ശ്രീ. ജി. കാർത്തികേയന്റെ ഒരു സബ്മിഷൻ ഉണ്ടായിരുന്നു. രണ്ടും കൂടെ ഒന്നിച്ചു മറുപടി പറഞ്ഞാൽ മതിയോ? ..... (ബഹളം) ..... ഞാൻ ചോദിച്ചതല്ലേയുള്ളൂ. അത് പറയുന്നതിൽ എന്താണ് തെറ്റ്? ..... (ബഹളം) ..... ആര്യനാട് കോട്ടയ്ക്കകം എരുമോട് എന്ന സ്ഥലത്ത് സത്യഭവനിൽ സത്യൻ എന്ന യുവാവിനെ 4-2-2006 ന് ഉച്ചയ്ക്ക് 2-30 മണിക്ക് പോലീസ് പിടികൂടി. അന്നുതന്നെ സത്യനെ നെടുമങ്ങാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കി. കോടതി അയാളെ 17-2-2006 വരെ റിമാന്റ് ചെയ്ത് തിരുവനന്തപുരം സബ് ജയിലിലേക്ക് അയച്ചു. സബ് ജയിലിൽ എത്തിയ സത്യനെ അന്ന് രാത്രി ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയ്ക്കായി കൊണ്ടുപോയി. അവിടെ ചികിൽസയിൽ കഴിഞ്ഞുവരവെ 9-2-2006 വെളുപ്പിന് സത്യൻ മരണമടഞ്ഞു. ഇക്കാര്യത്തിൽ 48/06 സി.ആർ.പി.സി. 174 വകുപ്പു പ്രകാരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷണം നടത്തിവരുന്നതുമാകുന്നു. പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടറെ കണ്ടു ചോദിച്ചപ്പോൾ രാസ പരിശോധനാ ഫലം ലഭിച്ചാൽ മാത്രമേ സത്യന്റെ മരണ കാരണം വ്യക്തമാകുകയുള്ളൂ എന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതുമാണ്. സത്യന്റെ മരണത്തിനെതിരെ പൊതുപ്രവർത്തകർ ആരോപണങ്ങൾ ഉയർത്തിയതിന്റെ വെളിച്ചത്തിൽ അതിനെപ്പറ്റി വിശദമായ അന്വേഷണം നടത്തുന്നതിനായി നെടുമങ്ങാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പിരപ്പൻകോട് മുരളി: ആഭ്യന്തര വകുപ്പിന്റെ കൂടി ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ഒരു സ്ഥിരം ചിട്ടപ്പടി മറുപടിയാണ് അടിയന്തിര പ്രമേയത്തിന് നൽകിയത്. വസ്തുതകൾ സംഭരിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിക്കാനുമുള്ള ദിവസങ്ങൾ ഉണ്ടായിരുന്നു. കഴിഞ്ഞ വ്യാഴാഴ്ച വെളുപ്പിനാണ് സംഭവം. ലക്ഷം വീട് കോളനിയിൽ പരസ്യമായി നൂറു കണക്കിന് ആളുകൾ നോക്കിനിൽക്കെയാണ് സംഭവം നടക്കുന്നത്. ഈ പറയുന്ന സത്യൻ ഒരു കൊല്ലപ്പണിക്കാരനാണ്. എരുമോട് കുന്നിൻപുറത്തെ ലക്ഷം വീട്ടിൽ, അവിടത്തെ പഞ്ചായത്ത് നിർമ്മിച്ചുകൊടുത്ത ഒരു വീട്ടിൽ താമസിക്കുന്ന പാവപ്പെട്ട ഒരു കുടുംബത്തിലെ അംഗമാണ്. ഒരിക്കൽ പോലും അയാൾ ഒരു ചാരായ കച്ചവടക്കാരൻ ആയിരുന്നില്ല. ബഹുമാനപ്പെട്ട കാർത്തികേയൻ സബ്മിഷൻ കൊടുത്തപ്പോൾ അത് പറഞ്ഞിരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഞാൻ നേരിട്ട് പോയി സത്യം മനസ്സിലാക്കിയിട്ടുള്ളതാണ്. സത്യന്റെ ഭാര്യ രമയുടെ കൈക്ക് ഓപ്പറേഷൻ കഴിഞ്ഞ് ആര്യനാട് ഗവൺമെന്റ് ആശുപത്രിയിൽ കിടക്കുകയായിരുന്നു. ഇയാൾക്ക് രണ്ട് കുട്ടികളുണ്ട്. ശ്രീജ എന്നുപറയുന്ന 8-ാം ക്ലാസിൽ പഠിക്കുന്ന ഒരു മന്ദബുദ്ധിയായ മകളും സന്ധ്യ എന്നു പറയുന്ന 6-ാം ക്ലാസിൽ പഠിക്കുന്ന മകളുമാണ്. വളരെ പാവപ്പെട്ട കുഞ്ഞൻ ആചാരിയുടേയും പാറു എന്ന സ്ത്രീയുടേയും നാലു മക്കളിൽ ഏറ്റവും ഇളയ ആളാണ് സത്യൻ. തിരുവനന്തപുരം ജില്ലയിൽ മൺവെട്ടി, വെട്ടുകത്തി, പിക്കാസ് തുടങ്ങിയ കാർഷിക ഉപകരണങ്ങൾ ഉണ്ടാക്കി വിൽക്കുന്ന കുടുംബക്കാരാണ്. ഇവർ നാലുപേരും നാല് ആലയുള്ളവരാണ്. നാട്ടിൻപുറത്ത് ഇപ്പോഴും കരുവാന്റെ ആലയുള്ളത് ആര്യനാട് ഏരുമോട് പ്രദേശത്താണ്. ആലയെന്ന് പറഞ്ഞാൽ കൊല്ലപ്പണിക്കാരന്റെ, കരുവാന്റെ പണിശാല എന്നാണ് പറയുന്നത്. മൺവെട്ടിയും പിക്കാസും ഒക്കെയുണ്ടാക്കി നെടുമങ്ങാട്, ചാല, നാട്ടിൻപുറം എന്നിവിടങ്ങളിൽ കൊണ്ടുപോയി വിറ്റ് ജീവിക്കുന്നവരാണ്. അയാളുടെ പേരിൽ യാതൊരു വിധമായ കേസും ഇല്ല. തിങ്കളാഴ്ച കുട്ടികൾക്ക് സ്കൂളിൽ പോകാൻ പുസ്തകമോ മറ്റോ വാങ്ങിക്കാൻ കാശില്ലാത്തതുകൊണ്ട് മൺവെട്ടി കൊടുത്ത ആളിന്റെ കൈയിൽനിന്നും പൈസ വാങ്ങിച്ച് വരുന്ന വഴി തൊട്ടടുത്ത് എരുമോട് എന്ന് സ്ഥലത്ത് വച്ച് കോടാലി സുരേന്ദ്രൻ എന്ന് അറിയപ്പെടുന്ന പോലീസ് ഒരു ചാരായ വിൽപ്പനക്കാരനെ അന്വേഷിച്ച് വരികയായിരുന്നു. ഇതിലെ ഒരാൾ ഓടിപ്പോകുന്നതു കണ്ടോ എന്നു ചോദിച്ചു. സത്യന്റെ കൂടെ അയാളുടെ അനന്തിരവൻ ഷിബു എന്ന ഒരു ചെറുപ്പക്കാരനും ഉണ്ടായിരുന്നു. അറിയില്ല, ഞാൻ കണ്ടിട്ടില്ലെന്ന് പറഞ്ഞപ്പോൾ, നീ കണ്ടില്ലേടാ എന്നു ചോദിച്ചപ്പോൾ അറിയില്ല, ഞാൻ കണ്ടില്ല എന്ന് സത്യൻ മറുപടി പറഞ്ഞു. പോലീസ് സത്യന്റെ കവാലത്തിൽ അടിച്ചു. അയാൾ ഓടി. പോലീസ് അയാളെ ഓടിച്ചിട്ടു പിടിച്ചുകൊണ്ടുവന്ന് റോഡിലിട്ട് തല്ലി. ലക്ഷം വീട് കോളനിയാണ്. പകൽ പത്തര മണിയാകും. ആണും പെണ്ണും എല്ലാവരുംകൂടി നിലവിളിച്ചു. സ്റ്റേഷനിൽ വിളിച്ചു പറഞ്ഞ് ഉടൻ തന്നെ അയാളെ ജീപ്പിൽ കയറ്റി സ്റ്റേഷനിൽ കൊണ്ടുപോയി വൈകുന്നേരം വരെ ലോക്കപ്പിൽ ഇട്ടിരുന്നു. ഒരൊറ്റ ആളെ പോലും കാണാൻ അനുവദിച്ചില്ല. ആശുപത്രിയിൽനിന്നും അയാളുടെ ഭാര്യ പാവം ആ സ്ത്രീ വന്നിട്ടു കൂടി കാണാൻ അനുവദിച്ചില്ല. ഒൻപതരമണിയോടുകൂടി കാട്ടാക്കട മജിസ്ട്രേറ്റിന്റെ വീട്ടിൽ ഹാജരാക്കിയിട്ടാണ് സബ് ജയിലിലേക്ക് കൊണ്ടുപോകുന്നത്. സബ് ജയിലിൽ കൊണ്ടുപോകുമ്പോൾ അയാൾ അവശനായിരുന്നു. ആര്യനാട് സ്റ്റേഷനിൽ വെള്ളം പോലും കൊടുക്കാതെ ഒൻപതേ മുക്കാൽ മണിവരെ ഇട്ടിരുന്നു. മജിസ്ട്രേറ്റിന്റെ വീട്ടിൽ കൊണ്ടുപോയശേഷം സബ്ജയിലിൽ കൊണ്ടുവരുമ്പോൾ ഒരു കാരണവശാലും അവിടെ എടുക്കാൻ പറ്റില്ലെന്ന് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജയിലിൽ പ്രവേശിപ്പിച്ചതായി രേഖപ്പെടുത്തിയിട്ട് അപ്പോൾത്തന്നെ മെഡിക്കൽ കോളേജാശുപത്രിയിലേക്ക് കൊണ്ടുപോകുകയാണ് ചെയ്തത്. വ്യാഴാഴ്ച വരെ അവിടെ കിടന്നു. പക്ഷെ ഒരു ബന്ധുവിനേയും കാണാൻ അനുവദിച്ചില്ല. വ്യാഴാഴ്ച വെളുപ്പിന് രണ്ടര മണിക്കാണ് മരിച്ചത്. വിവരം അറിയുന്നത് പിറ്റേ ദിവസം വൈകുന്നേരമാണ്. സബ്ജയിലിൽനിന്ന് ടെലഗ്രാം വന്നു. 26 വർഷം മുൻപ് മരിച്ച കുഞ്ഞൻ ആചാരി എന്നു പറയുന്ന സത്യന്റെ അച്ഛന്റെ പേരിലാണ് ടെലഗ്രാം ചെയ്തിരുന്നത്. പഞ്ചായത്ത് പ്രസിഡന്റ് എങ്ങനെയോ മണത്തറിഞ്ഞാണ് ശവശരീരം ഏറ്റുവാങ്ങാൻ മോർച്ചറിയിൽ പോയത്. അവിടെനിന്ന് കൊണ്ടുവന്നപ്പോൾ നാട്ടുകാർ തടഞ്ഞു നിർത്തി. എ.ഡി.എം.-ഉം ഒക്കെ ചെന്നിട്ടാണ് ശവം മറവ് ചെയ്തത്. ഇത്രയും ക്രൂരമായ ലോക്കപ്പ് മരണം പുതിയ വിഷയമല്ല. തിരുവനന്തപുരം ജില്ലയിലായാലും ലോക്കപ്പ് മർദ്ദനം സ്ഥിരമായി മാറിയിരിക്കുകയാണ്. ഉദയകുമാറിന്റെ ഉരുട്ടി കൊല കഴിഞ്ഞിട്ട് അധിക ദിവസം ആയില്ല. തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിൽ പേ ആന്റ് യൂസ് എന്നുപറഞ്ഞ് ഒരു ടോയിലറ്റുണ്ട്. അവിടെ രണ്ട് ദിവസം മുൻപ് ഒരു എ.എസ്.ഐ. ഏമാൻ മഫ്തിയിൽ മൂത്രമൊഴിക്കാൻ പോയി. അവിടെയുള്ള പാവപ്പെട്ടവൻ കാശ് തരണമെന്ന് പറഞ്ഞു. നിനക്ക് ഞാൻ ആരാണെന്ന് അറിയാമോ ഞാൻ എ.എസ്.ഐ. ആണ് എന്ന് എ.എസ്.ഐ. പറഞ്ഞു. അതിന്റെ രണ്ടാമത്തെ ദിവസം തന്നെ പാവപ്പെട്ട ആനയറക്കാരനായ ശശി എന്നു പറയുന്ന ആളെ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി കള്ളക്കേസ് ചുമത്തി ഒരുപാട് തല്ലി ആശുപത്രിയിൽ ചികിത്സയിലാണ്. 5 ലിറ്റർ ചാരായത്തോടുകൂടി പിടിച്ചുവെന്നാണ് പറഞ്ഞത്. 5 ലിറ്റർ ചാരായം ഉണ്ടായത് എങ്ങനെയാണ് ? പോലീസ് സ്റ്റേഷനിൽ ചെന്ന ശേഷം തൊണ്ടിയുണ്ടാക്കുകയാണ് ചെയ്തത്. പഴയ പഞ്ചതന്ത്രത്തിലെ ചെന്നായയുടെ ന്യായമാണ് പറയുന്നത്. ഇതിന് ബഹുമാനപ്പെട്ട അങ്ങ് കൂട്ടുനിൽക്കരുത്, ശ്രീ. ജി. കാർത്തികേയൻ കൂട്ടുനിൽക്കരുത്. ഞാൻ വിനയപുരസ്സരം പറയുന്നു ഈ പാവപ്പെട്ട കുടുംബത്തിന് ഒരു രാഷ്ട്രീയവുമില്ല. സ്വന്തമായി പണിയെടുത്ത് ജീവിക്കുന്ന പാവപ്പെട്ട ആളാണ്. ഏതോ ചാരായ കച്ചവടക്കാരൻ പിടികൊടുക്കാത്തതുകൊണ്ട് ആരോ പറഞ്ഞതുപോലെ ആട്ടിൻകുട്ടിയെ കിട്ടാത്തതു കൊണ്ട് ആട്ടിൻകുട്ടി മേലോട്ട് വെള്ളമൊഴുക്കി എന്നു പറയുന്ന പഞ്ചതന്ത്രം കഥപോലെ ഇയാളെ ചാരായ കച്ചവടക്കാരനാക്കി, ഇയാൾക്കുവേണ്ടിതൊണ്ടിയുണ്ടാക്കി അങ്ങനെയാണ് ഈ കള്ളക്കേസ് ഉണ്ടാക്കിയത്. അടി വളരെ ക്രൂരമായിപ്പോയി. ഏതാണ്ട് കൊല്ലപ്പെട്ടു എന്നായപ്പോഴാണ് മജിസ്ട്രേറ്റിന്റെ മുന്നിൽ കൊണ്ടുപോകുന്നത്. അങ്ങനെ മജിസ്ട്രേറ്റിന്റെ മുന്നിൽ കൊണ്ടുപോയശേഷം സബ്ജയിലിലേക്ക് കൊണ്ടുപോകുമ്പോഴാണ് അദ്ദേഹത്തെ സെല്ലിലേക്ക് മാറ്റുന്നത്. ഇത്രയും ക്രൂരമായ ഒരേർപ്പാട് നമ്മുടെ ഗവണ്മെന്റിന്റെ തന്നെ തെറ്റായ നയത്തിന്റെ ഫലമായിട്ടാണ്. പണ്ട് നമ്പ്യാരാശാൻ പറഞ്ഞിട്ടുണ്ട്.

നിന്നോതിക്കോൻ മുള്ളുന്നേരം
ഉണ്ണികൾ മരമേറീട്ടു മുള്ളും എന്ന്.

2/333/2012/SMT—26

LIBRARY ARCHIVES Kerala Legislative Assembly

ഓതിക്കോൻ നിലത്തുനിന്ന് മുള്ളിയാൽ ഉണ്ണികൾ മരത്തിൽ കയറി മുള്ളുമെന്ന്. ആശാൻ പറഞ്ഞപോലെ ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. ടി. തോമസ് നമ്മുടെ പോലീസിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഒരു റിപ്പോർട്ട് ഉണ്ട്. ഭരണ രംഗത്ത് ഇന്ന് നിലനിൽക്കുന്ന അലസത മാറാതെ പോലീസ് സംവിധാനത്തിൽ ഒരു മാറ്റവും വരില്ല എന്ന് ജസ്റ്റിസ് തോമസ് പറഞ്ഞിട്ടുണ്ട്. താൻതന്നെ ചെയർമാനായ കമ്മീഷന്റെ റിപ്പോർട്ട് പോലും വായിച്ചു നോക്കാൻ ഇന്നത്തെ ഭരണാധികാരികൾക്ക് സമയം കിട്ടില്ലത്രേ. അവർക്ക് സഞ്ചരിക്കുമ്പോൾ മുന്നിലും പുറകിലും പോലീസ് വേണമെന്ന നിർബന്ധമേയുള്ളു. ആദ്യം എടുത്തു കളയേണ്ടത് ഈ എസ്കോർട്ട് സംവിധാനമാണ്. പോലീസ് സ്റ്റേഷനിലെ ലോക്കപ്പ് നിർത്തണം. അവിടുത്തെ പാറാവ് ജോലിയും നിർത്തണം. ജനങ്ങൾക്ക് ഭയരഹിതമായി കടന്ന് ചെല്ലാൻ പറ്റുന്ന ഇടമായി പോലീസ് സ്റ്റേഷനുകൾ മാറണം. ജസ്റ്റിസ് തോമസ് പറഞ്ഞു. അപ്പോൾ ബഹുമാനപ്പെട്ട ജസ്റ്റിസ് തോമസിന് പോലും ഈ ഭരണത്തെക്കുറിച്ചുള്ള അഭിപ്രായമാണിത്. ഏത് കൊലപാതകം നടത്തിയാലും എത്ര നിരുത്തരവാദപരമായി നമ്മുടെ ജനങ്ങളെ തല്ലിക്കൊന്നാലും ഇവരെയൊക്കെ ന്യായീകരിക്കാൻ ബഹുമാന്യരായ രാഷ്ട്രീയ, നേതൃത്വവും ഭരണ നേതൃത്വവും ഉണ്ടെന്നു വന്നാൽ എന്തും ചെയ്യാം എന്നുള്ളതിന് യാതൊരു മടിയുമില്ല. ഞാൻ വിനയപുരസ്സരം അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ഈ കേസ് ഒരു കാരണവശാലും തേച്ച് മാച്ച് കളയരുത്. അടിയന്തിരമായി കോടാലി സുരേന്ദ്രനേയും അതുപോലെ തന്നെ നിരപരാധിയായ ഒരുത്തന്റെമേൽ ചാരായക്കുറ്റം ആരോപിച്ച് അതിന് കൃത്രിമമായി തെളിവുണ്ടാക്കിയ എസ്.ഐ. അടക്കമുള്ളവരെയും മാതൃകാപരമായി ശിക്ഷിക്കണം. ഈ പാവപ്പെട്ട കുടുംബത്തെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ, നിരപരാധികളാണ്. ഈ പാവപ്പെട്ട മനുഷ്യൻ ആലയിൽ പണിയെടുക്കുന്ന പൈസകൊണ്ട് മാത്രമാണ് ഈ കുടുംബം കഴിയുന്നത്. അതുകൊണ്ട് പാവപ്പെട്ട സുരേന്ദ്രന്റെ 38 വയസ്സുള്ള ഭാര്യ രമയ്ക്ക് ഏതെങ്കിലും സർക്കാർ ആഫീസിൽ പ്യൂണിന്റെ ജോലിയെങ്കിലും കൊടുത്ത് ആ കുടുംബത്തെ രക്ഷിക്കണം. ഈ രണ്ട് നിരപരാധികളായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യം ചെയ്തു കൊടുക്കണം. ഈ പോലീസുകാരെ മാതൃകാപരമായി ശിക്ഷിക്കാൻ അങ്ങ് തയ്യാറാകണം. അതിന് ഗവൺമെന്റ് നടപടിയെടുക്കണം. അടിയന്തിരമായി അവരെ സസ്പെന്റ് ചെയ്യണം. ആരൊക്കെയാണെന്ന് കണ്ടുപിടിക്കണം. അവരുടെ പേരിൽ കൊലക്കുറ്റത്തിന് കേസെടുത്ത് ശിക്ഷിക്കണം. അവിടെയിപ്പോൾ സംഭ്രമജനകമായ അവസ്ഥയുണ്ട്. അവിടെ ബഹുമാനപ്പെട്ട കാർത്തികേയൻ പോയിട്ടുണ്ടെങ്കിൽ.... പോയി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്..... പോയിട്ടുണ്ടെങ്കിൽ സ്ഥിതി അറിയാം. സത്യസന്ധമായി വസ്തുതകൾ അന്വേഷിക്കണം. വേണമെങ്കിൽ ബഹുമാനപ്പെട്ട കാർത്തികേയനും ഞാനുംകൂടി അവിടെപ്പോയി കാര്യങ്ങൾ മനസ്സിലാക്കി അങ്ങേക്ക് റിപ്പോർട്ട് ചെയ്യാം. പക്ഷേ ഇത്തരത്തിൽ ഏതെങ്കിലും പോലീസുകാർ എഴുതിത്തന്നത് വായിച്ച് മാത്രം ഈ അടിയന്തിര പ്രമേയത്തെ കൈകാര്യം ചെയ്യാൻ നിൽക്കരുത്. ഈ നിരപരാധികളോട് സഹാനുഭൂതി കാണിക്കണം. അവരെ സഹായിക്കണം. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ചചെയ്യണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ആര്യനാട് നിയോജകമണ്ഡലത്തിന്റെ പ്രതിനിധി എന്നുള്ള നിലയിൽ ശ്രീ. കാർത്തികേയൻ ഇതുസംബന്ധിച്ച് ഒരു സബ്മിഷന് നോട്ടീസ് തന്നിരുന്നു. അത് ഇന്നത്തേക്ക് വച്ചിരുന്നു. ഏതായാലും അടിയന്തിര പ്രമേയം വന്നതുകൊണ്ട് അദ്ദേഹത്തിന് പറയാൻ അവസരം കൊടുക്കുകയാണ്.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. പിരപ്പൻകോട് മുരളി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത് ഞാൻ അവിടെ പോയിട്ടുണ്ടെങ്കിൽ എന്നാണ്. ഞാൻ പോകാതിരിക്കേണ്ട ഒരു കാര്യവുമില്ല. ഞാൻ പോയി. അങ്ങനെ പോകാതിരിക്കേണ്ട ഒരു അവസ്ഥയും അവിടെയില്ല. അങ്ങ് പറഞ്ഞതൊക്കെ ഞാനും കേൾക്കുകയായിരുന്നു. ബഹുമാനപ്പെട്ട സഭയോടും ആഭ്യന്തര വകുപ്പിന്റെ ചാർജ്ജുള്ള മന്ത്രി ശ്രീ. വക്കം പുരുഷോത്തമനോടും എനിക്ക് പറയാനുള്ളത് ഇപ്പോൾ നടക്കുന്ന അന്വേഷണം പോര; ഡിവൈ.എസ്.പി. പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ തന്നെയാണ്, എങ്കിലും ഉയർന്ന തലത്തിലുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഇത് അന്വേഷിപ്പിക്കണം എന്നാണ്. അവിടെയിപ്പോൾ ഇതുമായി ബന്ധപ്പെട്ട ഒരു പോലീസുകാരനെ അവിടെനിന്ന് ട്രാൻസ്ഫർ ചെയ്യിച്ചത് മാത്രമേയുള്ളു. Transfer is not a punishment. ഞാൻ അദ്ദേഹത്തോട് നേരിട്ട് പറഞ്ഞതാണ്. അവിടെ സംഭ്രമ ജനകമായ അന്തരീക്ഷമില്ല. ഞാൻ ഇന്നലേയും പോയിരുന്നു. പക്ഷേ ആ വീടിന്റെ അവസ്ഥ ഞാൻ ഇവിടെ പറയേണ്ട കാര്യമില്ലെങ്കിൽപ്പോലും ആ വീടിനെക്കുറിച്ച് ശ്രീ. മുരളി പറഞ്ഞതെല്ലാം പൂർണ്ണമായും ശരിയാണ്. വ്യക്തിപരമായി പതിന്നാലേമുക്കാൽ വർഷത്തെ ബന്ധം ഈ മരിച്ച വ്യക്തിയോട് എനിക്കുണ്ട്. ഇത്രയും മാത്രമേ ഞാൻ പറയുന്നുള്ളു. വളരെ നിരാലംബമായ കുടുംബമാണ്. ..... (ബഹളം) .....

മി. സ്പീക്കർ : ശ്രീ. സുപാൽ ..... Please take your seat ..... അടിയന്തിര പ്രമേയ സമയത്ത് സംസാരിക്കുമ്പോൾ ക്രോസ്സ് എക്സാമിനേഷന് അവകാശമില്ല. മെമ്പർ പറയട്ടെ.

ശ്രീ. ജി. കാർത്തികേയൻ : ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് ഞാൻ പറയുന്നത്. മറ്റൊന്ന് നിരാലംബമായ ഈ കുടുംബത്തെ സഹായിക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണം. സാമ്പത്തികമായ സഹായം ഈ ഗവൺമെന്റ് നൽകി രണ്ട് പെൺകുട്ടികളുള്ള ഈ കുടുംബത്തെ സഹായിക്കണം. നിലവിലുള്ള അന്വേഷണ സംവിധാനം പോര. ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി എടുക്കണം. മാതൃകാപരമായി ശിക്ഷിക്കണം. ഉയർന്ന തലത്തിൽ ഇതേക്കുറിച്ച് വീണ്ടും അന്വേഷിക്കണമെന്നുള്ളതാണ് ഗവൺമെന്റിനോട് ഞാൻ ശക്തിയായി ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, പകൽ നടന്ന ഒരു സംഭവമാണ്. ചാരായത്തോടുകൂടി പിടിച്ചു എന്നാണ് എഫ്.ഐ.ആർ.-ൽ എഴുതിയിരിക്കുന്നത്. ..... (ബഹളം) ..... ഞാൻ കേട്ടുകൊണ്ടിരുന്നില്ലേ? നിങ്ങൾ എന്നെ പറയാൻ അനുവദിക്ക്..... നിങ്ങൾ ബഹളം കൂട്ടിയിട്ട് വല്ല കാര്യവുമുണ്ടോ? പകൽ നടന്ന

LIBRARY ARCHIVES Kerala Legislative Assembly

സംഭവമാണ്. അത് അന്വേഷിച്ചാൽ അറിയാം എന്നുള്ളതാണ് ഞാൻ പറഞ്ഞത്. അത് അർദ്ധരാത്രി യൊന്നുമല്ല. അന്വേഷിച്ചാൽ അറിയാവുന്ന കാര്യമാണ്. ശ്രീ. മുരളീ, തീർച്ചയായും, I appreciate your sentiments and feelings. പിടിച്ചുകൊണ്ടുപോയി അന്നു തന്നെ വൈകുന്നേരം ഏഴര മണിക്ക് മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കി. ജയിലിലേക്ക് പോയപ്പോൾ അദ്ദേഹത്തിന് അസുഖം ഡെവലപ് ചെയ്ത് കൊണ്ടുപോയി എന്നുള്ളതാണ് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. മരിക്കുന്നത് നാല് ദിവസം കഴിഞ്ഞാണ്. നാലാം തീയതി അറസ്റ്റ് ചെയ്തിട്ട് ഒമ്പതാം തീയതി കാലത്താണ് മരിക്കുന്നത്. അപ്പോൾ അതിനിടയിൽ ഇത് ആരും പോയി അന്വേഷിച്ചില്ലയോ എന്ന് എനിക്ക് അറിയില്ല. അയാൾക്ക് സുഖമില്ല ,എന്നാണ് പറയുന്നത്. സബ്ജയിലിൽ പോയി കാണാമല്ലോ..... പോലീസ് കസ്റ്റഡിയിൽ അല്ലല്ലോ, ജുഡീഷ്യൽ കസ്റ്റഡിയിൽ അല്ലേ? ഹോസ്പിറ്റലിൽ ആണെങ്കിലും പോയിക്കാണാനുള്ള സാധ്യതയുണ്ട്. ഞാനിപ്പോൾ ഇതൊന്നും നിഷേധിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മുഴുവൻ അത് സത്യവിരുദ്ധമാണെന്നോ ഞാൻ പറഞ്ഞില്ല. ഞാൻ ഇതിന്റെ സാഹചര്യം പറഞ്ഞതാണ്. നാലാം തീയതി കഴിഞ്ഞു ഒമ്പതാം തീയതി മരിച്ചു. ഇതിനിടയിൽ ബന്ധപ്പെട്ടവരും വേണ്ടപ്പെട്ടവരുമൊക്കെ ഒന്ന് അന്വേഷിക്കേണ്ടതായിരുന്നു. ചിലപ്പോൾ അദ്ദേഹത്തെ രക്ഷപ്പെടുത്താൻ കഴിയുമായിരുന്നു. ഞാൻ കുറ്റം പറഞ്ഞതല്ല. ഏതായാലും ഇങ്ങനെ വന്നിരിക്കുന്നു. എനിക്ക് കിട്ടിയിരിക്കുന്നത് ഇതാണ്. പോസ്റ്റ്മോർട്ടം നടത്തിയതിൽ കാലിൽ ഉണങ്ങിയ aberration മാത്രമേയുള്ളു. വേറെ ഒന്നുമില്ല എന്നൊക്കെയാണ് മെഡിക്കൽ സർട്ടിഫിക്കറ്റ്. ഏതായാലും രാസപരിശോധനയ്ക്ക് വേണ്ടി അയച്ചിരിക്കുകയാണ്. അത് വന്ന ശേഷമേ വിശദമായി പറയാൻ കഴിയുകയുള്ളു എന്ന് ഡോക്ടർ പറഞ്ഞു. ഏതായാലും ഇവിടെ ഉന്നയിച്ച പ്രശ്നത്തെക്കുറിച്ച് നിങ്ങളുടെ സെന്റിമെന്റ്സ് പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഒരു ഉന്നത ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഇന്നു തന്നെ ഏർപ്പാട് ചെയ്യാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇതിൻമേൽ എന്ത് നടപടി എടുത്തു?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, പാവപ്പെട്ട സത്യന്റെ ദയനീയമായ മരണത്തെ സംബന്ധിച്ച് ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ നിർഭാഗ്യകരമായ മറുപടി കേട്ടു. ഈ സംഭവം നിരപരാധിയായ പാവപ്പെട്ടവനെ അറസ്റ്റ് ചെയ്ത് വളരെ ക്രൂരമായ നിലയിൽ മർദ്ദിച്ച് മരിക്കുന്നതിന് സഹായകമായ നിലയിലാക്കിയതിനുശേഷമാണ് മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കുന്നതിനും മറ്റും നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ക്രൂരമായ മർദ്ദനം മറച്ചു വയ്ക്കാൻ വേണ്ടി അയാളെ ഒരു മദ്യകച്ചവടക്കാരനായി ചിത്രീകരിച്ച് മദ്യകച്ചവടം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ കണ്ടുപിടിച്ച ഒരു വലിയ കുറ്റമായിട്ട് ചിത്രീകരിച്ച് കേസ് കൈകാര്യം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇതിനുമുമ്പ് ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഉദയകുമാർ എന്നയാളെ ഉരുട്ടിക്കൊന്ന നീചമായ സംഭവത്തേയും

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ കള്ളക്കേസ് കെട്ടിച്ചമച്ച് രക്ഷപ്പെടാനാണ് പോലീസ് ശ്രമിച്ചത്. കുറ്റപത്രം താമസിപ്പിച്ചുകൊടുത്തിട്ട് ക്രൂരരായ ആ പ്രതികൾക്ക് ജാമ്യം അനുവദിക്കുന്നതിന് വേണ്ടി ഈ ഗവൺമെന്റ് അവസരമൊരുക്കി. ഈ പാവപ്പെട്ട സത്യൻ എന്ന കൂലിവേലക്കാരൻ ഇതുവരെ ഒരു കേസിലെ പ്രതി എന്നുള്ള നിലയിൽ സ്റ്റേഷനിൽ രേഖകളില്ല. ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഉദയകുമാറിന്റെ സ്ഥിതിയും അതുതന്നെയായിരുന്നു. ബോണസും കൂലിയുടെ ബാക്കിയും കിട്ടിയതിനുശേഷം തള്ളയ്ക്ക് ഓണക്കാലത്ത് ഒരുതുണ്ട് തുണിപോലും വാങ്ങിക്കൊടുക്കാൻ കഴിയാതിരുന്ന ആ പാവപ്പെട്ടവൻ എനിക്കു കുറച്ചു പൈസ കിട്ടി, ഞാൻ അമ്മയ്ക്ക് ഒരു വസ്ത്രം വാങ്ങാൻ പോകുകയാണെന്ന് അമ്മയോട് പറഞ്ഞു പോയ ആ ആൾ അവസാനം ഉരുട്ടിക്കൊലയ്ക്ക് വിധേയനായി എന്നുള്ള കാര്യം നാമെല്ലാം അറിഞ്ഞതാണ്. പോലീസ് ഏതാണ്ട് ഇതുപോലെതന്നെയാണ് നിരപരാധികളായിട്ടുള്ള ധാരാളം ആളുകളെ കശാപ്പ് ചെയ്തിട്ടുള്ളത്. പ്രതിപക്ഷത്തുനിന്നും ചോദിച്ച ചോദ്യത്തിന് ലോക്കപ്പിലും സബ്ജയിലിലുമായിട്ട് 86 പേരെ കശാപ്പുചെയ്തിട്ടുണ്ടെന്ന് നിങ്ങൾതന്നെ സമ്മതിച്ച് ഞങ്ങൾക്ക് ഉത്തരം തന്നിട്ടുണ്ട്. ഇത് 87-ാമത്തേതാണ്. ഇതുപോലുള്ള നിരപരാധികൾ പോലീസിന്റെ മുമ്പിൽ നിത്യവും നീചമായി ആക്രമിക്കപ്പെടുകയാണ്. ഇതുപോലെയൊരു നിരപരാധിയെ കൊലപ്പെടുത്തിയപ്പോൾ ശ്രീ. പിരപ്പൻകോട് മുരളി ഇത് അവതരിപ്പിച്ചതിനുശേഷം നിങ്ങളുടെ ചിന്താഗതിയോട് ഞാൻ യോജിക്കുന്നു എന്നാണ് ബഹു. മന്ത്രി പറയുന്നത്. എന്തിനോടാണ് യോജിക്കുന്നത്? അദ്ദേഹം പ്രകടിപ്പിച്ച വികാരമെന്താണ്? ആ വികാരത്തോട് യോജിക്കുന്നുണ്ടെങ്കിൽ കോടാലി സുരേന്ദ്രൻ എന്നയാളെ, നല്ലപോലെ ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാകത്തക്കവിധത്തിൽ ഇവിടെ പറഞ്ഞ ആളുടെ പേരിൽ ഏതു തരത്തിലുള്ള കേസ് എടുക്കുമെന്ന് പറയാൻ അങ്ങേക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ ആ കുടുംബം ഇനി എങ്ങനെയാണ് കഴിയുക? ഉരുട്ടിക്കൊന്ന ഉദയകുമാറിന്റെ അമ്മയ്ക്ക് ഹൈക്കോടതി ഉത്തരവിട്ടിട്ടും നാല് കാശ് കൊടുക്കാത്ത വിദ്വാന്മാരല്ലേ? ഈ കുടുംബത്തിന് എന്തു കൊടുക്കുമെന്ന് അങ്ങ് പറഞ്ഞോ? എങ്ങനെ ആ കുടുംബം കഴിയും? ആ കുടുംബത്തിന് ഏകാധാരമായ സത്യനെയല്ലേ നിങ്ങൾ കശാപ്പ് ചെയ്തത്? ആ കുടുംബത്തിന് 5 ലക്ഷം രൂപ നൽകുമെന്ന് പറയാൻ നിങ്ങൾക്ക് എന്തുകൊണ്ട് കഴിയുന്നില്ല? ഈ ഉദയകുമാറിന്റെ അനുഭവമിരിക്കുമ്പോൾ കൊലക്കുറ്റത്തിന് പ്രതിയാക്കും പോലീസ് എന്ന കാര്യവും, ആ കുടുംബത്തിന് ന്യായമായ നഷ്ടപരിഹാരം നൽകുമെന്ന കാര്യവും ബഹുമാനപ്പെട്ട മന്ത്രിയും, ഗവൺമെന്റും പറയാതിരിക്കുന്നിടത്തോളം കാലം ഈ പ്രശ്നം അടിയന്തിരപ്രാധാന്യത്തോടുകൂടി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കാതിരിക്കുന്ന സാഹചര്യത്തിൽ ഈ ഗവണ്മെന്റിന്റെ നയത്തോടുള്ള ശക്തിയായ പ്രതിഷേധം പ്രകടിപ്പിക്കാൻ ഞങ്ങൾ ഈ സഭയിൽ നിന്നും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ സബ്ജയിലിൽപ്പോയി അന്വേഷിച്ചോ എന്നു ചോദിച്ചില്ലേ? പിറ്റേദിവസംതന്നെ അനന്തിരവൻ സബ്ജയിലിൽപോയി തിരക്കി. അപ്പോൾ സത്യൻ എന്നയാളിനെ സബ്ജയിലിൽ പ്രവേശിപ്പിച്ചിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്. പാവപ്പെട്ടവരായ അവർ ഒരുപാട് അന്വേഷിച്ചു. അവരുടെ അന്വേഷണത്തിന്റെ അവസാനമാണ് സെല്ലിലുണ്ടെന്ന വിവരം അറിയുന്നത്; പോലീസ് കസ്റ്റഡിയിൽ മെഡിക്കൽ കോളേജിൽ കിടക്കുന്നുവെന്ന്. ഞാൻ വെള്ളിയാഴ്ച അവരുടെ വീട്ടിൽപോയി. ശ്രീ. ജി. കാർത്തികേയൻ അതിനുശേഷം അവിടെ ചെന്നതായിട്ട് ഇവിടെ പറഞ്ഞു. അന്നവിടെ ചെന്നപ്പോൾ ആ വീട്ടിൽ കോൺഗ്രസ്സിന്റെ പഞ്ചായത്ത് മെമ്പറുണ്ടായിരുന്നു. അവിടത്തെ വാർഡ് മെമ്പർ, പഞ്ചായത്ത് പ്രസിഡന്റ്, സ്ത്രീകളുൾപ്പെടെ 100 കണക്കിന് നാട്ടുകാർ ഇവരെല്ലാം പോലീസ് സ്റ്റേഷനിൽചെന്ന് പറഞ്ഞു ഇയാളൊരു പ്രതിയല്ല, ഇയാളുടെ പേരിൽ ഒരു കേസുമില്ല, ഇയാൾക്ക് ഒരു ചാരായ വാറ്റുമില്ലായെന്ന്. ഒരു പാവപ്പെട്ട നിർധനനായ എല്ലാംകൊണ്ടും ഒരു പട്ടിണി കുടുംബത്തിൽപ്പെട്ട ആളാണ്. ഇയാൾക്കെന്തെങ്കിലും പറ്റിയാൽ ആ കുടുംബം അനാഥമാകും. അയാളുടെ ഭാര്യ കയ്യിൽ ഒരു ഓപ്പറേഷൻ കഴിഞ്ഞ് ആശുപത്രിയിലാണ്. ഒരു മന്ദബുദ്ധിയായ കുട്ടിയുൾപ്പെടെ 2 കൊച്ചു കുട്ടികളുള്ള പട്ടിണി കുടുംബമാണ് അയാളുടേത്. അദ്ദേഹത്തെ പഞ്ചായത്ത് പ്രസിഡന്റിന്റേയും ജനങ്ങളുടേയും മുമ്പിൽ വച്ച് നടുറോഡിലിട്ട് ശരീരത്തിൽ മുഴുവൻ ചവിട്ടുകയും മർദ്ദിക്കുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞ് രാത്രി 10 മണിയായപ്പോഴാണ് സ്റ്റേഷനിൽകൊണ്ടുപോയത്. ആര്യനാട് പോലീസ് സ്റ്റേഷനിൽ ഓരോ കന്നാസിലും ചാരായം നിറച്ചുവച്ചിരിക്കുകയാണ്. ആളുകളെ പോയി പിടിച്ചിട്ട് 5000 രൂപ, 10000 രൂപ എന്നീ നിരക്കിൽ അവരെ അബ്കാരി കേസിൽ നിന്ന് ഒഴിവാക്കാൻ വേണ്ടി കൈക്കൂലി ചോദിക്കും. അല്ലെങ്കിൽ അവർ 5 ലിറ്റർ, 10 ലിറ്റർ ചാരായത്തിന്റെ പേരിൽ അബ്ക്കാരി കേസ് എഴുതി 14 ദിവസത്തെ റിമാന്റിലും, 2 മാസം ജയിലിൽ കിടക്കേണ്ടതായും വരും. വീണ്ടും വീണ്ടും 4 മാസം കൂടുമ്പോൾ പോകേണ്ടി വരും. ആയിരക്കണക്കിന് രൂപ ചെലവ് ആകും. അതുകൊണ്ട് വൈകുന്നേരം എന്തെങ്കിലും പണയപ്പെടുത്തി കാശ് കൊണ്ടുകൊടുക്കും. ബഹുമാനപ്പെട്ട കാർത്തികേയന് ഇത് അറിയാവുന്നതല്ലേ? അങ്ങേയുടെ മണ്ഡലമായ ആര്യനാട് പോലീസ് സ്റ്റേഷനിലെ പോലീസുകാരെല്ലാപേരും കൈക്കൂലി വാങ്ങുന്നവരല്ലേ? 14 വർഷമായിട്ട് അറിയാം. സത്യന് ചാരായകച്ചവടവുമായി എന്തെങ്കിലും ബന്ധമുണ്ടോ? അതിനെപ്പറ്റി അങ്ങേക്ക് പറയാൻ കഴിയുമോ ? എന്തിനാണ് ബഹുമാനപ്പെട്ട മന്ത്രിയെക്കൊണ്ട് പോലീസുകാരെഴുതിയ കള്ള റിപ്പോർട്ട് ഇവിടെ വായിപ്പിച്ചത്? പാവപ്പെട്ട ഒരാളെ വിളിച്ചുകൊണ്ടുപോയി പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചുവച്ച ചാരായമെടുത്ത് കേസ് ചാർജ് ചെയ്ത് അയാളെ ജയിലിൽ കൊണ്ടടയ്ക്കുകയാണ്. അവിടെ ഇങ്ങനെ നിരവധി പേരുടെ പേരിൽ കേസ് എടുത്തുകൊണ്ടിരിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ച് ജനങ്ങൾ ആ ഡെഡ് ബോഡി റോഡിൽ തടഞ്ഞു. അത് എടുക്കാൻ അനുവദിച്ചില്ല.

മി. സ്പീക്കർ : ഇത് വാക്കൗട്ടിനുള്ള ഒരു പ്രസംഗമാണ്. എല്ലാകാര്യവും പ്രസംഗിച്ചാൽ ശരിയാകില്ല.

ശ്രീ. ബിനോയ് വിശ്വം : സർ, പറയാനുള്ള കാര്യം പറയണ്ടേ ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പറയേണ്ട കാര്യമൊക്കെ വേറെ സമയത്ത്. ശ്രീ. ബിനോയ് വിശ്വം എന്നെ ഉപദേശിക്കണ്ട. I know how to do. എനിക്കറിയാം കാര്യങ്ങൾ. ഒരു കാര്യം പറയാം. പണ്ട് ഈ സഭയിൽ പതിവ് ഒപ്പോസിഷൻ ലീഡർ മാത്രം സംസാരിക്കുക എന്നുള്ളതായിരുന്നു. മുന്നണി ഭരണം വന്നപ്പോൾ സ്വാഭാവികമായും എക്സ്റ്റെന്റ് ചെയ്ത് പത്ത് പതിനഞ്ച് ആളുകൾ വരെ ഇഷ്ടംപോലെ പ്രസംഗിക്കുകയെന്നു പറഞ്ഞാൽ, there is a limit.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഒരു പാവപ്പെട്ടവനെ പിടിച്ചുകൊണ്ട് പോയി കൊലപ്പെടുത്തി കുടുംബം അനാഥമാക്കിയതിനുശേഷം ഇവിടെ വന്ന് അയാൾ പ്രതിയാണ്, അയാളുടെ പേരിൽ കേസുണ്ടെന്നും, ചാരായ വാറ്റുകാരനാണെന്നും പറഞ്ഞതിന് ഈ സഭയോടും ജനങ്ങളോടും മാപ്പ് പറയണം. ആ പാവപ്പെട്ട കുടുംബത്തിനെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യണം. മാത്രമല്ല മാപ്പും പറയണം. ഇതു പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കണം. ഉദയകുമാറിന്റെ കാര്യം ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞു. സത്യന്റെ കാര്യം ഇപ്പോൾ ഉണ്ടായി. ഇതുപോലെയുള്ള നിരവധി സംഭവങ്ങൾ ആവർത്തിക്കുന്നത് സംബന്ധിച്ച് നിങ്ങൾ നടപടിയെടുക്കുന്നില്ല. മറിച്ച് അതുപോലെ ചെയ്യുന്ന പോലീസുകാർക്ക് റിവാർഡ് നൽകി ആദരിക്കുന്നു. അതുകൊണ്ട് ഞാൻ 2 കാര്യങ്ങളാണ് ആവശ്യപ്പെടുന്നത്. കൊലക്കുറ്റത്തിന് കേസ് എടുക്കണം. എന്നിട്ട് അവരുടെ പേരിൽ നടപടികളെടുക്കണം. ശ്രീ. ജി. കാർത്തികേയൻ പറഞ്ഞു അടിയന്തിരമായി പോലീസുകാരെ ട്രാൻസ്ഫർ ചെയ്തുവെന്ന്. ട്രാൻസ്ഫർ ഒരു നടപടിയല്ല. വളരെ പെട്ടെന്നുതന്നെ അവരെ സസ്പെന്റ് ചെയ്യണം. കൊലക്കുറ്റത്തിന് കേസ് എടുക്കണം. ഉന്നതമായ അന്വേഷണത്തിന് നടപടി സ്വീകരിക്കണം. ആ പാവപ്പെട്ട കുടുംബത്തെ സംരക്ഷിക്കണം. ബഹുമാനപ്പെട്ട അങ്ങ് ഇവിടെ നിന്ന് 40 മിനിട്ട് യാത്ര ചെയ്താൽ ആ വീട്ടിലെത്തും. എന്തുകൊണ്ടവിടെ പ്പോയി അന്വേഷിക്കുന്നില്ല? ശ്രീ. ജി. കാർത്തികേയന്റെ അന്വേഷണം മാത്രം പോര. ഗവൺമെന്റിന്റെ പ്രതിനിധികൾ പോകണം, അന്വേഷിക്കണം. ഇതുപോലുള്ള സംഭവങ്ങൾ ഇനി കേരളത്തിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. അതിനുപകരം ഉദയകുമാർ, സത്യൻ എന്നീ പട്ടിക 87 വരെയായി. പാവപ്പെട്ടവരെ കൊണ്ടുപോയി പോലീസിന്റെ ലോക്കപ്പിലിട്ട് ഉരുട്ടിക്കൊല്ലുന്നതിന് കൂട്ടുനിൽക്കുന്ന നിങ്ങളുടെ നയത്തിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ സഭയിൽ നിന്ന് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. കെ. നാണു : സർ, മുൻ മന്ത്രിയും ഈ സഭയിലെ ബഹുമാനപ്പെട്ട അംഗവുമായ ശ്രീ. ജി. കാർത്തികേയൻ 14 വർഷത്തിലധികമായി എനിക്ക് പരിചയമുള്ള ഒരാൾ അല്ലെങ്കിൽ എനിക്ക് അറിയാവുന്ന ഒരാളെന്നുപറഞ്ഞാൽ അതിന്റെ അർത്ഥം സാമാന്യം മാന്യനായി ജീവിക്കുന്ന ഒരാൾ എന്നുള്ളതാണ്. ഇവിടെ ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന, തൊഴിലെടുത്ത് ഉപജീവനം നയിക്കുന്ന, മന്ദബുദ്ധിയായ ഒരു കുട്ടിയുള്ള വളരെ പാവപ്പെട്ട ഒരാളാണ് മരണപ്പെട്ടത്. ലക്ഷംവീട് കോളനികളിലും മറ്റും ജീവിക്കുന്ന പാവപ്പെട്ട ആളുകളുടെ നേർക്ക് പോലീസിന് ഇഷ്ടംപോലെ എന്തും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാമെന്ന സ്ഥിതിയാണ്. അവരെ കൊലപ്പെടുത്തിയാൽ അതുസംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ ഭരണകൂടം സന്നദ്ധമാകുന്നില്ല എന്നുവരുന്നത് നാട്ടിന് ഗുണമുള്ള കാര്യമല്ല. പാവപ്പെട്ട ആളുകളെ അക്രമത്തിന്റെ പാതയിലേക്ക് കൊണ്ടുവരാതിരിക്കണമെങ്കിൽ അവരുടെ നേർക്ക് മിനിമം പോലീസിന്റെ ഭാഗത്തുനിന്ന് ക്രൂരമായ മർദ്ദനം ഉണ്ടായാൽ, അതുപോലുള്ള സംഭവങ്ങളുണ്ടായാൽ, മർദ്ദിച്ച് കൊലപ്പെടുത്തിയാൽ അത് ഗൗരവമായി എടുക്കുന്നുവെന്ന് നമ്മുടെ നാട്ടിലെ പാവങ്ങളെ ബോധ്യപ്പെടുത്താൻ ഭരണകൂടത്തിന് സാധിക്കേണ്ടതാണ്. സത്യന്റെ മരണവും കൊലപാതകവുമായി ബന്ധപ്പെട്ടാണ് ഈ പ്രശ്നം ഗവൺമെന്റ് ഇവിടെ വിശദീകരിച്ചത്. നമ്മുടെ നാട്ടിലെ സാധാരണക്കാരോട് ഒരു ക്രൂരത ചെയ്താൽ അത് അന്വേഷിക്കാനും നടപടി സ്വീകരിക്കാനും സന്നദ്ധമാകുന്ന ഒരു ഗവൺമെന്റ് ഇവിടെയുണ്ടെന്ന് ആ പാവങ്ങൾക്ക് ബോധ്യമാകണം. ഈ പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യുന്നതിന് സന്നദ്ധമായി ആവശ്യമായ രൂപത്തിലുള്ള ഫലപ്രദമായ നടപടികൾ നിങ്ങൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചില്ല. ഞങ്ങൾ ഇതിന്റെ പേരിൽ ഇറങ്ങിപ്പോകുന്നു.

(ശ്രീ. സി. കെ. നാണു പ്രസ്താവന നടത്തിയശേഷം സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ് : സർ, പോലീസിന്റെ ക്രൂരതമൂലമാണ് സത്യൻ മരിച്ചതെന്നുള്ളതിന് ഒരു തെളിവാണ് എം.എൽ.എ. കൂടിയായ ശ്രീ. ജി. കാർത്തികേയൻ പതിനാലേമുക്കാൽ കൊല്ലമായി പരിചയമുള്ള സത്യനേയും സത്യന്റെ കുടുംബത്തേയും സംബന്ധിച്ച് ഇവിടെ പ്രസ്താവിച്ചത്. പക്ഷേ മന്ത്രിയുടെ പ്രസ്താവനയിൽ പറഞ്ഞതുപോലെ ചാരായ കച്ചവടക്കാരനാണ്, ചാരായവുമായി ബന്ധമുള്ള ആളാണെന്ന് സ്ഥലം എം.എൽ.എ. എന്നുള്ള നിലയിൽ പതിനാലേമുക്കാൽ കൊല്ലം പരിചയമുള്ള ബഹുമാനപ്പെട്ട ജി. കാർത്തികേയൻ പറഞ്ഞിട്ടില്ല. അതുതന്നെ പോലീസിന്റെ ക്രൂരതമൂലമാണ്, പോലീസിന്റെ അതിക്രമംമൂലമാണ് സത്യൻ മരിച്ചതെന്നുള്ളതിന് ഏക തെളിവാണ്. പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായ തെറ്റ് ന്യായീകരിക്കാൻ വേണ്ടി മാത്രം കെട്ടിച്ചമച്ച ഒരു ചാരായ കച്ചവടക്കാരനാക്കി മാറ്റുകയാണ് ചെയ്തത്. ഇത്തരത്തിൽ പോലീസിന്റെ കുറ്റങ്ങളെ ന്യായീകരിക്കുന്നതുമൂലമാണ് നമ്മുടെ സംസ്ഥാനത്ത് ഒന്നിനുപുറകെ ഒന്നായി പോലീസ് പീഡനംമൂലം നിരവധി ആളുകൾ മരിക്കാൻ ഇടയായതും ക്രമസമാധാനനില അപകടത്തിലായതും. ക്രമസമാധാനനില അപകടത്തിലാകുന്നതിന് യഥാർത്ഥത്തിൽ പ്രേരണ നൽകുന്ന നയമാണ് ആഭ്യന്തര വകുപ്പും ഗവൺമെന്റും സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. എ. എ. അസീസ് പ്രസ്താവന നടത്തിയശേഷം സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. പിരപ്പൻകോട് മുരളിയും ശ്രീ. ജി. കാർത്തികേയനും പറഞ്ഞത് തമ്മിൽ വലിയ വ്യത്യാസമൊന്നും കാണുന്നില്ല. മന്ത്രി അദ്ദേഹത്തിന് പോലീസ് നൽകിയ ഔദ്യോഗിക വെർഷനാണ് ഇവിടെ പറഞ്ഞത്. സ്വാഭാവികമായും അവിടെയുള്ള എം.എൽ.എ. എന്ന നിലയിൽ ശ്രീ. ജി. കാർത്തികേയൻ പറഞ്ഞത് മുഖവിലയ്ക്കെടുക്കാൻ മന്ത്രി തയ്യാറാകേണ്ടതായിരുന്നു. അദ്ദേഹം ഇനി ഒരുയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നു പറഞ്ഞു. അത്

LIBRARY ARCHIVES Kerala Legislative Assembly

നേരത്തേതന്നെ ആകാമായിരുന്നു. പ്രത്യേകിച്ചും ശ്രീ. ജി. കാർത്തികേയൻ ഇക്കാര്യം അങ്ങയോട് പറഞ്ഞിരിക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. നമ്മൾ ഒരിക്കലും ഇങ്ങനെയുള്ള കാര്യങ്ങളെ ന്യായീകരിക്കുന്നത് ശരിയല്ല. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. പോലീസുകാർക്ക് ഒരു പ്രതിയെ സംശയത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യാം. ഇല്ലെന്ന് നമുക്ക് പറയാൻ കഴിയില്ല. പക്ഷേ നടുറോഡിലിട്ട് ആളെ തല്ലുക, മർദ്ദിക്കുക, അത് വളരെയധികം ആളുകൾ കണ്ടതാണ്. ശ്രീ. ജി. കാർത്തികേയൻ അതിനെക്കുറിച്ച് ഇവിടെ പറഞ്ഞില്ലെങ്കിലും സ്വാഭാവികമായും അദ്ദേഹത്തോട് ചോദിച്ചാൽ അദ്ദേഹം അതിന്റെ വസ്തുതാപരമായ കാര്യങ്ങൾ പറയും. നമ്മൾ പോലീസിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നതോടുകൂടി അതിക്രമം കാണിക്കാൻ അവർക്ക് പ്രേരണയും കൂടും. എന്താണെങ്കിലും ഇതിന്റെ സത്യാവസ്ഥ ജനങ്ങൾക്ക് അറിയണം. ഇത് മരണമാണോ, കൊലപാതകമാണോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കുറച്ചുകൂടി നേരത്തേ ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽ നിന്നും പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷ അംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)

III. ശ്രദ്ധക്ഷണിക്കൽ

(1) ദരിദ്ര ജനവിഭാഗങ്ങൾക്ക് ബി.പി.എൽ. കാർഡുകൾ ലഭിക്കാത്തതിനെത്തുടർന്ന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, കേരളത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന ലക്ഷക്കണക്കിന് പാവപ്പെട്ടവരുടെ ഗൗരവതരമായ പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നത്. നഗരങ്ങളിലും പട്ടണങ്ങളിലും ആകെയുള്ള മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് റേഷൻ നൽകുന്ന ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് കേരളം. സോഷ്യലിസ്റ്റ് രാജ്യങ്ങളൊഴിച്ച് മുതലാളിത്ത വികസന പാത കൈകാര്യം ചെയ്യുന്ന ലോകത്തിലെ മറ്റ് വികസിത രാജ്യങ്ങളിൽ റേഷൻ സംവിധാനത്തിന് മാതൃക കേരളമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ നമുക്ക് സാധിക്കുന്നതാണ്. എന്നാൽ പൊതുവിതരണ സംവിധാനമാകെ തകർക്കുന്നതിന് സാർവ്വത്രികമായി സമ്മർദ്ദങ്ങൾ ഉയർന്നുവരുന്നു. ആഗോളവത്ക്കരണത്തിന്റേയും സ്വകാര്യവത്ക്കരണത്തിന്റേയും ലോക കമ്പോളവത്ക്കരണത്തിന്റേയും ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കേന്ദ്രത്തിൽ ഭരണം നടത്തിയിട്ടുള്ള എൻ.ഡി.എ. ഗവൺമെന്റും ഇപ്പോൾ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന യു.പി.എ. ഗവൺമെന്റും ഈ സാർവ്വത്രികമായ രീതിയിലുള്ള റേഷൻ സംവിധാനത്തെ കേരളത്തിൽ തകർക്കുന്നതിന് വേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചുവരികയാണ്. അതിന്റെ ആദ്യഭാഗമെന്നുള്ള നിലയിലാണ് കേരളത്തിൽ ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ സാർവ്വത്രികമായുണ്ടായിരുന്ന റേഷൻ സംവിധാനത്തെ പരിമിതപ്പെടുത്തുന്നതിനു വേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly